<u>മനുഷ്യാവകാശം</u>

ഒരു പൗരന് മെച്ചപ്പെട്ട ജീവിതം കൈവരിക്കുന്നതിനും തൻ്റെ ശേഷിയും കഴിവും വികസിപ്പിക്കുന്നതിന് സഹായകമായതും സമൂഹവും രാഷ്ട്രവും ഉറപ്പു നൽകുന്ന വ്യവസ്ഥകളാണ് - അവകാശങ്ങൾ

ആധുനിക മനുഷ്യാവകാശത്തിൻ്റെ തുടക്കം എന്നറിയപ്പെടുന്നത് - മാഗ്നാകാർട്ട (1215)

അവകാശ സംരക്ഷണത്തിനും ജനാധിപത്യ ഭരണ ക്രമത്തിനും നിയമവാഴ്ചയ്ക്കും വേണ്ടി രക്തച്ചൊരിച്ചിൽ കൂടാതെ ഇംഗ്ലീഷ് ജനത നടത്തിയ വിപ്ലവം - മഹത്തായ വിപ്ലവം (1688)

മനുഷ്യാവകാശങ്ങൾ നിഷേധിക്കുന്ന ഗവൺമെന്റിനെ നീക്കം ചെയ്യാൻ ജനങ്ങൾക്കധികാരമു ണ്ടെന്ന് പ്രഖ്യാപിച്ചത് - അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം (1776)

സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തി ഫ്രഞ്ച് ജനത നടത്തിയ സമരം - ഫ്രഞ്ച് വിപ്ലവം (1789)

ഓരോ രാജ്യവും ഭരണഘടനയിൽ ഉൾപ്പെടുത്തി പൗരന് ഉറപ്പു നൽകുന്ന അവകാശങ്ങളുടെ പട്ടികയാണ് - അവകാശ പത്രിക

ഇന്ത്യയുടെ അവകാശപത്രിക അറിയപ്പെടുന്നത് - മൗലികാവകാശങ്ങൾ

“എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുന്നു. പദവിയിലും അവകാശത്തിലും തുല്യത പുലർത്തുന്നു. അവർ ബുദ്ധിയും മനഃസാക്ഷിയും കൊണ്ട് അനുഗൃഹീതരും പരസ്പര സാഹോദര്യം പുലർത്താൻ നിർബന്ധിതരുമാണ്.” ഇത് ഏതിലെ വരികളാണ് - സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം

ആധുനിക ലോകത്ത് അവകാശങ്ങൾ അറിയപ്പെടുന്നത് - മനുഷ്യാവകാശങ്ങൾ

യു.എൻ ചാർട്ടറിനെ അടിസ്ഥാനമാക്കി ഐക്യരാഷ്ട്രസഭയുടെ പൊതുസഭ അംഗീകരിച്ച മനുഷ്യാവകാശ രേഖ - സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം

സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം നിലവിൽ വന്ന വർഷം - 1948 ഡിസംബർ 10

മനുഷ്യാവകാശ ദിനമായി ആചരിക്കുന്നത് - ഡിസംബർ 10

മനുഷ്യവംശത്തിലെ ഒരു അംഗം എന്ന നിലയിൽ എല്ലാവർക്കും ഒരുപോലെ ലഭ്യമായിരിക്കേണ്ട അവകാശങ്ങളാണ് - മനുഷ്യാവകാശങ്ങൾ

സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള അവകാശങ്ങൾ -

ജീവിക്കാനുള്ള അവകാശം

സ്വാതന്ത്ര്യത്തിനുള്ള അവകാശം

സംഘടനാ സ്വാതന്ത്യം

തൊഴിലവകാശം

സംസ്കാരം, ഭാഷ, ലിപി എന്നിവ സംരക്ഷിക്കാനുള്ള അവകാശം

സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പൗരൻ്റെ മൗലിക സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും പ്രതിപാദിച്ചിരിക്കുന്ന അനുഛേദങ്ങളുടെ എണ്ണം - 30

# ദേശീയ മനുഷ്യാവകാശ കമ്മീഷൻ

ഇന്ത്യയിലെ മനുഷ്യാവകാശങ്ങളുടെ കാവൽക്കാരൻ (Watchdog of human rights in India) എന്നറിയപ്പെടുന്നത് -
ദേശീയ മനുഷ്യാവകാശ കമ്മീഷൻ

ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്.

1993 സെപ്റ്റംബർ 28 ലെ ദേശീയ മനുഷ്യാവകാശ നിയമമനുസരിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്ഥാപിതമായത് - 1993 ഒക്ടോബർ 12 നാണ്.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ്റെ ആസ്ഥാനം - മാനവ് അധികാർ ഭവൻ (ന്യൂഡൽഹി)

2019 ഭേദഗതിയോടെ ചെയർമാനെ കൂടാതെ 5 സ്ഥിരാംഗങ്ങളാണ് ദേശീയ മനുഷ്യാവകാശ കമ്മീഷനിലുള്ളത്.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നതും നീക്കം ചെയ്യുന്നതും - രാഷ്ട്രപതിയാണ്

ദേശീയ മനുഷ്യാവകാശ കമ്മീഷനെ തിരഞ്ഞെടുക്കുന്നതിനായുള്ള കമ്മിറ്റി യിലെ അംഗങ്ങൾ

1. പ്രധാനമന്ത്രി (ചെയർപേഴ്സൺ)

2. ആഭ്യന്തര മന്ത്രി

3. ലോകസഭാ സ്പീക്കർ

4. ലോക്സഭാ പ്രതിപക്ഷനേതാവ്

5. രാജ്യസഭാ പ്രതിപക്ഷ നേതാവ്

6. രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആദ്യ ചെയർമാൻ - ജസ്റ്റിസ് രംഗനാഥ മിശ

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിലവിലെ ചെയർപേഴ്സൺ - ജസ്റ്റിസ്. സി. രാമസുബ്രമണ്യൻ

ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ അംഗമായ ആദ്യ മലയാളി വനിത - ഫാത്തിമ ബീവി

ദേശീയ മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷനായ മലയാളി - ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ

ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ ഏറ്റവും കൂടുതൽ കാലം അദ്ധ്യക്ഷ പദവി വഹിച്ച വ്യക്തി - ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ

**<u>സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ</u>**

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്ന വർഷം - 1998 ഡിസംബർ 11

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ആസ്ഥാനം - തിരുവനന്തപുരം

സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ അംഗസംഖ്യ - 3 (ചെയർമാനുൾപ്പെടെ)

കേരള മനുഷ്യാവകാശ കമ്മീഷൻ്റെ ആദ്യ ചെയർമാൻ - ജസ്റ്റിസ് എം.എം. പരീത്പിള്ള

നിലവിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ - ജസ്റ്റിസ് അലക്സാണ്ടർ തോമസ്

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് - ഗവർണർ

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനെയും അംഗങ്ങളെയും നീക്കം ചെയ്യുന്നത് - പ്രസിഡന്റ്

2019 ലെ മനുഷ്യാവകാശ സംരക്ഷണ നിയമ ഭേദഗതി

മനുഷ്യാവകാശ സംരക്ഷണനിയമ ഭേദഗതി ബിത് 2019 ലോക്സഭയിൽ അവതരിപ്പിച്ചത് - അമിത് ഷാ (2019 ജൂലൈ 8)

ബിൽ ലോക്സഭ പാസാക്കിയത് - 2019 ജൂലൈ 19

ബിൽ രാജ്യസഭ പാസാക്കിയത് - 2019 ജൂലൈ 22

ബിൽ രാഷ്ട്രപതി ഒപ്പുവച്ചത് - 2019 ജൂലൈ 27

ഈ ഭേദഗതി പ്രകാരം ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാന്റെ യോഗ്യത - സുപ്രീം കോടതി ചീഫ് ജസ്റ്റിസ്/ ജഡ്ജി പദവി വഹിച്ച വ്യക്തിയായിരിക്കണം
(മുൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എന്നായിരുന്നു ആദ്യം)

ഈ ഭേദഗതി പ്രകാരം സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാന്റെ യോഗ്യത - ഹൈക്കോടതി ചീഫ് ജസ്റ്റിസ്/ ജഡ്ജി പദവി വഹിച്ച വ്യക്തിയായിരിക്കണം
(മുൻഹൈക്കോടതി ചീഫ് ജസ്റ്റിസ് എന്നായിരുന്നു ആദ്യം)

ദേശീയ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും കാലാവധി

3 വർഷം അല്ലെങ്കിൽ 70 വയസ്സ് (മുൻപ് 5 വർഷം അല്ലെങ്കിൽ 70 വയസ്സ് എന്നായിരുന്നു)

ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗങ്ങളിൽ 3 പേർ മനുഷ്യാവകാശങ്ങളെപ്പറ്റി പ്രായോഗിക വിവരമുള്ളവരായിരിക്കണം, ഇതിൽ ഒരാൾ നിർബന്ധമായും വനിതയായിരിക്കണം

ദേശീയ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗങ്ങൾ 3 വർഷത്തേയ്ക്ക് പുനർനിയമനത്തിന് യോഗ്യരാണ്. എന്നാൽ 70 വയസ്സ് കഴിഞ്ഞ അംഗങ്ങൾക്ക് ഇത് ബാധകമല്ല.

പുതിയ ഭേദഗതി പ്രകാരം ദേശീയ മനുഷ്യാവകാശ കമ്മിഷനിലെ എക്സ്-ഒഫീഷ്യോ അംഗങ്ങൾ

ദേശീയ ന്യൂനപക്ഷ കമ്മീഷൻ ചെയർപേഴ്സൺ

ദേശീയ പട്ടികജാതി കമ്മീഷൻ ചെയർപേഴ്സൺ

ദേശീയ പട്ടികവർഗ്ഗ കമ്മീഷൻ ചെയർപേഴ്സൺ

ദേശീയ വനിതാ കമ്മീഷൻ ചെയർപേഴ്സൺ

ദേശീയ പിന്നാക്ക വിഭാഗ കമ്മീഷൻ ചെയർപേഴ്സൺ

NCPCR ചെയർപേഴ്സൺ

ചീഫ് കമ്മീഷണർ ഫോർ പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ്